# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6688 9-11-2016 -ൽ മറുപടിക്ക്**

## ഊർജ്ജ ഹൈവേ

| | ചോദ്യം<br>ശ്രീ. പി.ഉബൈദുള്ള : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിലെ വൈദ്യുതിക്ഷാമം കണക്കിലെടുത്ത് ഉത്തരേന്ത്യയിലെ വൈദ്യുതി നിലയങ്ങളിൽ നിന്നും, കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് 'ഊർജ്ജ ഹൈവേ' സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കാമോ; | (എ)<br>&<br>(ബി) | ഉണ്ട്. കേരളത്തിലെ വൈദ്യുതിക്ഷാമം കണക്കിലെടുത്ത് ഉത്തരേന്ത്യയിൽ (ഛത്തീസ്ഗഢിലെ റായ്ഗഢ്) നിന്നും തമിഴ് നാട്ടിലെ പുഗളൂറിലേക്ക് നിർമ്മിക്കുന്ന HVDC പ്രസരണ ലൈനിന്റെ തുടർച്ചയായി കേരളത്തിലെ മാടക്കത്തറയിലേക്ക് 2000 MW HVDC പ്രസരണ ഇടനാഴിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഊർജ്ജ ഇടനാഴിയുടെ നിർമ്മാണ പ്രാരംഭ പ്രവർത്തനങ്ങൾ പി.ജി.സി.എൽ. ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | ഇതുവഴി സംസ്ഥാനത്തിന്റെ ആവശ്യത്തിനനുസൃതമായ വൈദ്യുതി എത്തിക്കുവാൻ സാധിക്കു മോയെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്തിന്റെ വൈദ്യുത ഉപഭോഗത്തിന് ഊർജ്ജ ഹൈവേ എങ്ങനെയെല്ലാം സഹായകര മാകുമെന്ന് വിശദീകരിക്കാമോ; | | കേരള സംസ്ഥാനത്തിന്റെ അനുദിനം വർദ്ധിച്ചു വരുന്ന ഊർജ്ജ ഉപഭോഗം നിറവേറ്റുന്നതിനായി മുഖ്യമായും ഊർജ്ജ ഇറക്കുമതിയെ ആശ്രയിക്കുന്നു. സംസ്ഥാനത്തിനു പുറത്തുനിന്നും കേരളം വാങ്ങുന്നതും കേന്ദ്ര വിഹിതമായി ലഭിക്കുന്നതുമായ വൈദ്യുതി കേരളത്തിലേക്ക് എത്തിക്കുവാൻ ഉയർന്ന ശേഷിയുള്ള പ്രസരണ ലൈനുകൾ ആവശ്യമുണ്ട്. നിലവിലെ സാഹചര്യത്തിൽ വർഷംതോറും വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗം നിറവേറാൻ കൂടുതൽ വൈദ്യുതി ഇറക്കുമതി ചെയ്യേണ്ടി വരും. നിലവിലുള്ള അന്തർ സംസ്ഥാന പ്രസരണ ലൈനുകൾ വഴി അത് സാധ്യമാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 2000 എം.ഡബ്ല്യു. – ന്റെ പ്രസരണ ഇടനാഴിയുടെ പൂർത്തീകരണം വഴി കേരളത്തിലേക്ക് അധിക ഊർജ്ജം |

| | | | |
|---|---|---|---|
| | | | എത്തിക്കുവാനും അതിലൂടെ സംസ്ഥാനത്തിൻറെ അധിക ഊർജ്ജ ആവശ്യകത നിറവേറ്റുവാനും സാധിക്കും. |
| (സി) | നിലവിലുള്ള ടവർ ലൈനുകളുടെ വൈദ്യുതി വാഹക ശേഷി വർദ്ധിപ്പിക്കുവാൻ ബോർഡ് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ഉണ്ട്. നിലവിലുള്ള പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, വോൾട്ടത വർദ്ധിപ്പിക്കൽ എന്നിവ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. നിലവിലുള്ള സിംഗിൾ സർക്യൂട്ട് ലൈനുകൾ, ഡബിൾ സർക്യൂട്ട് ലൈനുകളായി മാറ്റുവാനും ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള ശേഷി കുറഞ്ഞതും പഴക്കം ചെന്നതുമായ പ്രസരണ ലൈനുകൾ മാറ്റി വാഹക ശേഷി കൂടിയ HTLS-കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനും ബോർഡ് ഉദ്ദേശിക്കുന്നു. |

Hemalatha

**സെക്ഷൻ ഓഫീസർ**